3

# ദൈവത്തിന്റെ സർവ്വശക്തി: നമ്മുടെ ദൈവം "വൃഥാ" ആകുന്നില്ല

ദൈവത്തെക്കുറിച്ചുള്ള ഏതു ചർച്ചയും പലകാരണങ്ങൾ കൊണ്ടു തടസ്സപ്പെടുന്നു. ഒരു പക്ഷെ പ്രധാനപ്പെട്ട ഒന്നു നമുക്കു മനസ്സിലാകാതെ കിടക്കുകയാകാം. ദൈവത്തിന്റെ അസ്തിത്വത്തെ ഏറ്റുമുട്ടുമ്പോൾ, നാം പലപ്പോഴും, ഇയ്യോബ് പ്രതികരിച്ചതുപോലെ പ്രതികരിച്ചു പോകും: "അറിവുകൂടാതെ, ആലോചനയെ മറിച്ചു കളയുന്നോരിവനാർ, അങ്ങനെ എനിക്കറിഞ്ഞു കൂടാത്ത വണ്ണം അത്ഭുതമേറിയത്" (ഇയ്യോബ് 42:3).

ദൈവത്തെക്കുറിച്ചു ചർച്ച ചെയ്യുന്നതിലുള്ള മറ്റൊരു പ്രയാസം അവൻ ഒരേ സമയത്ത് എന്നതു അനുക്രമമായി നാം ചർച്ച ചെയ്യണം. ദൈവം ഒരേ സമയത്ത് സർവ്വവ്യാപിയും, സർവ്വജ്ഞനും, സർവ്വശക്തനുമാണ്; എന്നാൽ ഈ സ്വഭാവ വിശേഷതകൾ ഓരോന്നായി ചർച്ച ചെയ്യും. നാം ഇങ്ങനെ ചെയ്യുമ്പോൾ, നാം നമ്മുടെ ചിന്തകളിൽ ദൈവം ഉണ്ട്, അറിയുന്നു, ഒരേ സമയത്ത്, തുടർച്ചയായി പ്രവർത്തിക്കയും ചെയ്യും അവന്റെ അസ്തിത്വത്തിനു അവസാനം ഇല്ല, അവന്റെ ജ്ഞാനത്തിൽ ഒരിക്കലും കുറവില്ല, അവന്റെ ശക്തി ഒരിക്കലും ക്ഷയിക്കുകയില്ല.

ദൈവത്തെ അറിയുവാനുള്ള നമ്മുടെ പ്രത്യാശ കൂടുതലും നമ്മുടെ ഉപായകഴിവും ചാരപ്പണിയും അനുസരിച്ചു അവനെ പുറത്തുകൊണ്ടുവരാൻ നോക്കുന്നു, പക്ഷെ അവന്റെ ഇഛയനുസരിച്ചാണ് കുറച്ചു നമുക്ക് വെളിപ്പെടുത്തി തന്നിരിക്കുന്നത്. അവൻ അതു പ്രകൃതിയിൽ ചെയ്തിരിക്കുന്നതുകൊണ്ടു നാം നന്ദിയുള്ളവരാകണം (അവന്റെ സൃഷ്ടി), ക്രിസ്തുവിലും (അവന്റെ പുത്രൻ), തിരുവെഴുത്തുകളിലും (അവന്റെ വചനം). അവിടെ കാണുന്ന സർവ്വ - ശക്തനായ ദൈവത്തെ അവന്റെ വചനത്തിൽ നിന്നു കൂടുതലായി പഠിക്കാം.

### അവന്റെ ശക്തി പഴയ നിയമത്തിൽ ചിത്രീകരിച്ചിരിക്കുന്നു

അവന്റെ ഭുജവീര്യത്താൽ ചെയ്ത പ്രവൃത്തികളിൽ ദൈവത്തിന്റെ

സർവ്വശക്തി പഴയനിയമത്തിൽ ഊന്നി പറഞ്ഞിരിക്കുന്നു. ഇതു ദൈവത്തിന്റെ ആശയങ്ങളായ വേർതിരിച്ചെടുക്കലും ആദ്ധ്യാത്മിക ത്വവും നീക്കം ചെയ്യുന്നില്ല. എങ്ങനെയായാലും, അത്തരം ആശയങ്ങൾ പഴയ നിയമത്തിൽ വിരളമാണ്. മറിച്ചു, ചരിത്രഗതിമാറ്റി മറിക്കുന്ന ദൈവ ശക്തിയാണ് പഴയനിയമത്തിൽ നാം കാണുന്നത്. മിസ്രയിം സാമ്രാജ്യം ശക്തമായ ബാധകൾക്കിരയായിട്ടുണ്ട് (പുറപ്പാട് 7–11). യിസ്രായേലിനു മറുകര കടക്കുവാൻ ചെങ്കടലിനെ ദൈവം രണ്ടായിമാറ്റി. മിസ്രയിമിൽ നിന്നു അവരെ വിടുവിച്ചു പക്ഷെ മിസ്രയിം സൈന്യത്തെ ദൈവം നശിപ്പിച്ചു (പുറപ്പാട് 14; 15). സിനായ് പർവ്വതം കുലുങ്ങുകയും പുക ഉയരുകയും ചെയ്തു, ദൈവത്തിന്റെ പ്രത്യക്ഷത ജനത്തെ ഭയചകിത രാക്കി. പുരോഹിതന്മാർ നിയമപെട്ടകം ചുമന്നു യിസ്രായേൽ, ജനം യോർദ്ദാൻ നദികടക്കുവാൻ ദൈവം വെള്ളത്തെ മാറ്റി നിർത്തി (യോ ശുവ 3; 4). യിസ്രായേൽ മക്കളുടെ മുൻപിൽ യെരിഹോമതിൽ വീണതു യോശുവയുടെ കല്പന ഉറപ്പിക്കുന്നതായിരുന്നു: "ആർപ്പിടുവിൻ! യഹോവ പട്ടണം നിങ്ങൾക്കു തന്നിരിക്കുന്നു" (യോശുവ 6:16). ഇങ്ങനെ നിരവധി ഉദാഹരണങ്ങൾ ചേർക്കാം, എന്നാൽ ദൈവശക്തി ചിത്രീകരിക്കുവാൻ ഇവ മതിയാകും.

അവന്റെ കരുണാധിക്യ പ്രകാരം നടത്തിയ ദൈവത്തിന്റെ ശക്തി ദൈവജനം കാണുകയുണ്ടായി. അവരുടെ ചരിത്രം ദൈവത്തിന്റെ ഇട പെടൽ നിറഞ്ഞതായിരുന്നു. അവർക്കു ദൈവ കരുതലിൽ ഉണ്ടായി രുന്ന വിശ്വാസം അവന്റെ ശക്തി അങ്ങനെ ചെയ്യുവാൻ കഴിയും എന്ന തായിരുന്നു, ദൈവശക്തിയുടെ ഈ തീർച്ച കരുണാധിക്യത്തിൽ കാണി ച്ചിട്ടുള്ളത് മൂലക്കല്ലായി പല സങ്കീർത്തനങ്ങളിലും കാണാം. ഉദാഹര ണമായി, നാം വായിക്കുന്നു, "അത്യുന്നതന്റെ മറവിൽ വസിക്കയും സർവ്വശക്തന്റെ നിഴലിൻ കീഴിൽ പാർക്കയും ചെയ്യുന്നവൻ യഹോവ യെക്കുറിച്ചു, 'അവൻ എന്റെ സങ്കേതവും കോട്ടയും ഞാൻ ആശ്രയി ക്കുന്ന എന്റെ ജനവും എന്നു പറയുന്നു'" (സങ്കീർത്തനങ്ങൾ 91:1, 2).

അവർ അവനിൽ ആശ്രയിച്ചാൽ ദൈവജനത്തിനു തീർച്ചയു ണ്ടായിരുന്നു അവൻ അവർക്കു ദായകനും അഭയവും ആണെന്ന്. ദൈവം അവർക്കു നല്കുകയും ഉപദ്രവങ്ങളിൽ നിന്നു വിടുവിക്കയും ചെയ്യുവാൻ മനസ്സുള്ളവനാണെന്ന വിശ്വാസത്തിന്മേൽ മാത്രമുള്ള തീർച്ചയായിരുന്നില്ല, പക്ഷെ, ദൈവത്തിനു അതു *ചെയ്യുവാൻ കഴിയു മായിരുന്നു* എന്ന വിശ്വാസവും അവരിലുണ്ടായിരുന്നു!

### അവന്റെ ശക്തി അവന്റെ നാമത്തിൽ വിവരിച്ചിട്ടുണ്ട്

യിസ്രയേൽ ദൈവത്തെ വിശദീകരിച്ച പലനാമങ്ങളും അവർക്കു അവന്റെ ശക്തിയിലുള്ള വിശ്വാസത്തെ സാക്ഷ്യപ്പെടുത്തുന്നതാണ്. സങ്കീർത്തനങ്ങൾ 91–ൽ നാം മൂന്നു ഉദാഹരണങ്ങൾ കാണുന്നു. ഒന്നാമത്തെ, വാക്ക് "അത്യുന്നതൻ" എന്നതു 'എലിയോൺ എന്നതിന്റെ തർജ്ജിമയാണ്. രണ്ടാമത്തെ വാക്ക്, 'എൽ, എന്നതു മുൻപു ഒരു കനാ ന്യരുടെ 'മുഖ്യദേവന്റെ പേരായിരുന്നു. അതിന്റെ അർത്ഥം "ബലവാൻ, അതിശക്തൻ"[1] അന്യദേവന്മാരെ നിർമ്മാർജ്ജനം ചെയ്താൽ, "എൽ"

എന്നതു എബ്രായരുടെ ജീവനുള്ള സത്യദൈവത്തെയാണ് അർത്ഥ മാക്കുന്നത്. സങ്കീർത്തനങ്ങൾ 91-ൽ നാമം ഏറ്റവും ഉയർന്നതാണ്: '*എലിയോൺ* "അത്യുന്നതനു," തുല്യമാണ്. ഏറ്റവും ഉയർന്ന ശക്തി യുള്ളവൻ, യിസ്രായേൽ ദൈവശക്തിയും കരുണയും കരുതലും, അടു ത്തറിഞ്ഞവരായതുകൊണ്ട്, പിതാക്കന്മാർ തങ്ങളുടെ മക്കൾക്കു ആ നാമം ഇടുകയുണ്ടായി. ഉദാഹരണമായി ഏലി, ശമുവേൽ, ഏലിയാവു തുടങ്ങിയവ. യിസ്രായേൽ ദൈവ ശക്തിയിൽ വിശ്വസിച്ചിരുന്ന മൂന്നാ മത്തെ ഉദാഹരണം സങ്കീർത്തനം 91 ലുള്ളത് "സർവ്വ ശക്തൻ" എന്നു തർജ്ജിമ ചെയ്ത നാമം *ശദായി.*

## അവന്റെ ശക്തി പുതിയ നിയമത്തിൽ പ്രതിഫലിച്ചിട്ടുണ്ട്

തന്റെ ഇഛപ്രകാരം സകല ശക്തിയും പ്രവർത്തിക്കുവാൻ കഴിവുള്ള ദൈവത്തെ പുതിയ നിയമത്തിൽ വരച്ചുകാണിച്ചിട്ടുണ്ട്. ഇതു ഈ പ്രസ്താ വനയിലൂടെ മുൻനിരയിലേക്കു കൊണ്ടുവന്നിരിക്കുന്നു: "... മനുഷ്യരാൽ അസാധ്യമായതു ദൈവത്താൽ സാധ്യമാകുന്നു" (ലൂക്കൊസ് 18:27). പഴയ നിയമത്തിലെ പോലെ, പുതിയ നിയമവും ദൈവശക്തി അവന്റെ ജനത്തിന്റെ വിശ്വാസത്താൽ നന്മക്കായി പ്രവർത്തിക്കുന്ന ശക്തിയാണ്: "... ദൈവം നമുക്കു അനുകൂലം എങ്കിൽ പ്രതികൂലം ആർ?" (റോമർ 8:31). തന്റെ ജനത്തെ ആശ്രയം നിമിത്തം സംരക്ഷിക്കയും, നല്കുകയും, വിടു വിക്കയും ചെയ്യും എന്നതു ദൈവ ശക്തിയുടെ ഉറപ്പാകുന്നു (പ്രവൃത്തികൾ 17:27) ദൈവ ജനത്തിന്റെ ജീവിതത്തിലെ എല്ലാം വിശദ മായി അവൻ അറിയുകയും ചെയ്യുന്നു (മത്തായി 10:29-31).

ബൈബിളിൽ വെളിപ്പെടുത്തിയിരിക്കുന്ന ദൈവം വിദൂരമായിരി ക്കുന്ന, അജ്ഞാതനായ, അല്ലെങ്കിൽ ബലഹീനനായ ദൈവം അല്ല. വാസ്തവത്തിൽ, ഈ ഭാഗം മുഴുവനും നാം "പരിമിതികൾ ഇല്ലാത്ത ദൈവത്തിന്റെ സർവ്വവ്യാപിത്വം" സർവ്വജ്ഞത്വം, സർവ്വശക്തി എന്നി വയെ ഊന്നിയിരിക്കുന്നു. ഇതിനർത്ഥം അവൻ ഈശ്വരവിശ്വാസത്തിൽ പറഞ്ഞിരിക്കുന്ന ദൈവം അല്ല: അവൻ സൃഷ്ടിയിൽ മാത്രം തന്റെ വലിയ ശക്തി ഉപയോഗിക്കയും വ്യക്തിപരമല്ലാത്ത നിലയിൽ മാറി നിന്നു അതിന്റെ പ്രവർത്തനങ്ങളെ വീക്ഷിക്കുകയല്ല ചെയ്യുന്നത്. അവൻ സർവ്വം ബ്രഹ്മമയം എന്ന ദൈവവുമല്ല. ദൈവം പ്രപഞ്ചത്തിന്റെ ആത്മാവും മനസ്സുമാണ്, അതുകൊണ്ട് എല്ലാം ദൈവമാണ് എന്ന ദൈവമല്ല അവൻ. അവൻ തത്വചിന്തകരുടെ നടപടികളിൽ വരുന്ന ദൈവവുമല്ല. വേദശാസ്ത്രം - അവൻ പ്രപഞ്ചത്തിൽ ഉൾപ്പെട്ട് തന്റെ സൃഷ്ടികളുടെ മാറ്റത്തിനനുസരിച്ചു പ്രവർത്തിക്കുന്നവനുമല്ല അവൻ.[2] ദൈവം അതീതനും അന്തർവർത്തിയും, എല്ലാ കാര്യങ്ങളെയും, നമ്മുടെ വ്യക്തിപരമായ ലക്ഷ്യമടക്കം നിയന്ത്രിക്കുന്നവനുമാണ്.

നമുക്കു പൂർണ്ണമായും ദൈവത്തിൽ ആയിരിക്കാം. ഇതു നമ്മെ, പ്രകാശിപ്പിക്കുന്ന വിശ്വാസത്താൽ, അവന്റെ ഏറ്റവും ശക്തിയുള്ള, എല്ലാ വരുടെ ജീവിതത്തെ മാറ്റുവാൻ - നമ്മുടെ വീണ്ടെടുപ്പിനും കഴിവുള്ള വനായിത്തീരുന്നു - ചരിത്രത്തിന്റെ വഴിത്തിരിവായിരുന്നു യേശുവിന്റെ

ക്രൂശീകരണം. ആ നിമിഷം, ഒരു മൂടുപടം നീങ്ങുകയും ദൈവത്തോടു മനുഷ്യർക്കു ഒരു പുതിയ ബന്ധം സാധ്യമാവുകയും ചെയ്തു. ക്രിസ്തുവിന്റെ ക്രൂശിലെ മരണവും തുടർന്നുള്ള ഉയിർപ്പും ചരിത്രത്തെ മാറ്റി നമുക്ക് ദൈവത്തോടു സന്തോഷകരമായ ഒരു ബന്ധം നിത്യമാക്കി തീർത്തു. അതാണ് സുവാർത്തയായ, യേശുക്രിസ്തുവിന്റെ സുവിശേഷം. തീർച്ചയായും, തന്റെ പ്രവൃത്തി പൂർത്തീകരിക്കുവാൻ ദൈവശക്തി അതിന്റെ അന്തിമഫലത്തിനു ആവശ്യമാണ്.

## പ്രായോഗികതകൾ

നമ്മുടെ മതത്തെയും ജീവിതത്തെയും രൂപപ്പെടുത്തുന്നത്, ദൈവത്തിനു സകലവും സാധ്യമാണ്, എന്ന വിശ്വാസം ആണ്. എങ്ങനെയായാലും, നമ്മുടെ വിശ്വാസം "അന്ധമായ" ഒന്നല്ല. ദൈവത്തിന്റെ ശക്തിയെക്കുറിച്ചുള്ള വിഷമകരമായ ചോദ്യങ്ങളെ നാം വിട്ടു കളയുന്നില്ല. നാം അവയെ അഭിമുഖീകരിക്കണം അവയിൽ ചില ചോദ്യങ്ങളെ നമുക്കു പരിഗണിക്കാം.

"ചലിക്കാത്ത ഒരു വസ്തുവിൽ ദൈവത്തിന്റെ പരിമിതികളില്ലാത്ത ശക്തി ഏല്ക്കുമ്പോൾ എന്തുചെയ്യും?" പരസ്പര വിരുദ്ധമായതിൽ ദൈവശക്തി പ്രായോഗികമാകുന്നില്ല. ഈ ചോദ്യത്തിൽ, "ചലിക്കാത്ത വസ്തു" നില്ക്കുന്നില്ല. ചോദ്യം സൈദ്ധാന്തികമാണ്. അതു യാഥാർത്ഥ്യത്തിൽ നിന്നു ഒഴിഞ്ഞു മാറുന്നതാണ്.

അതേ രീതിയിലുള്ള ഒരു ചോദ്യം ആണ് "ദൈവത്തിനു ഭൂതകാലത്തെ മാറ്റുവാൻ കഴിയുമോ?" ഇതു നിത്യതയിൽ ഇല്ലാത്തതും, സമയത്തെ സംബന്ധിച്ചു കഴിഞ്ഞുപോയതുമായ, സാങ്കല്പിക ചോദ്യമാണ്. ഈ ചോദ്യത്തിനുള്ള ഉത്തരം ആണ് നമ്മെ ദുഷ്ടനും നീചനുമായി മരിച്ച ഒരാളുടെ രക്ഷക്കായി നാം പ്രാർത്ഥിക്കാത്തത്.

ചിലപ്പോൾ ചോദിച്ചു കേൾക്കാറുള്ള മറ്റു ചോദ്യങ്ങൾ: "ദൈവത്തിനു ഭോഷ്ക്കു പറയാമോ?"; "അവനു പാപം ചെയ്യുവാൻ കഴിയുമോ?"; "അവൻ മരിക്കുമോ?" ഓരോ ഉത്തരവും ശക്തമായ "ഇല്ല!" എന്നാണ്. ഈ പ്രവൃത്തികൾ അവന്റെ സ്വഭാവത്തിനു എതിരാണ്. അവൻ തികച്ചും സത്യമായതുകൊണ്ട് അവനു ഭോഷ്ക്ക് പറയുവാൻ സാധ്യമല്ല (യിരെമ്യാവു 10:10). അവൻ പൂർണ്ണമായും നിർമ്മലൻ ആകകൊണ്ട് അവനു പാപം ചെയ്യുവാൻ കഴിയുകയില്ല (1 യോഹന്നാൻ 3:2, 3). അവൻ തന്നെ ജീവൻ ആകയാൽ അവനു മരിക്കുവാൻ സാധ്യമല്ല (സങ്കീർത്തനങ്ങൾ 36:9; 133:3). തന്റെ സ്വഭാവത്തിനു എതിരായി ഒന്നും ചെയ്യുവാൻ ദൈവത്തിനു ആവുകയില്ല. ചാഞ്ചല്യത്തോടെ പ്രവർത്തിക്കുവാൻ അത്ര ബലഹീനനല്ലാത്ത ഒരു ദൈവം നമുക്ക് ഉള്ളതുകൊണ്ട് നമുക്കു ദൈവത്തെ സ്തുതിക്കാം. അവൻ വിശ്വസ്തനായ ദൈവമാണ് (ആവർത്തനപുസ്തകം 7:9; 1 കൊരിന്ത്യർ 10:13). തന്റെ സ്വഭാവത്തിൽ നിന്നു അവൻ ഇളകാതെ തന്നെ ഇരിക്കുന്നു (യാക്കോബ് 1:17, 18).

അവസാനമായി, "ദൈവം എപ്പോഴെങ്കിലും തന്റെ ശക്തി പരിമിതപ്പെടുത്തുമോ?" ഈ ചോദ്യത്തിനുള്ള ഉത്തരം ശ്രദ്ധയോടെ നല്കണം. സർവ്വ - ശക്തി ആയിരിക്കുക എന്നതു ദൈവത്തിന്റെ സ്വഭാവമാണ്

എന്നു നാം ഓർക്കണം. അതുകൊണ്ടു, അവന്റെ ശക്തിയെ, അവന്റെ സർവ്വശക്തി പോലും പരിമിതപ്പെടുത്തുന്നതു അവന്റെ സ്വഭാവത്തിനെതിരാണ്. എങ്ങനെയായാലും, അവന്റെ പരിമിതികൾ ഇല്ലാത്ത ജ്ഞാനത്തിൽ അവന്റെ പരിമിതികളില്ലാത്ത ശക്തി അവന്റെ പരിമിതികൾ ഇല്ലാത്ത ഇഷ്ടത്തിനു അനുസരിച്ചു പൂർണ്ണമായും അവൻ പ്രവർത്തിക്കും. ഇതു നമ്മെ തിരുവെഴുത്തുകളിലെല്ലാം മികച്ചു നില്ക്കുന്ന വേദഭാഗത്തിലേക്കു കൊണ്ടു പോകുന്നു. പൗലൊസ് പ്രാർത്ഥിച്ച പ്രാർത്ഥന ഒരു പക്ഷെ നമ്മെ ഉത്ബുദ്ധരാക്കിയേക്കാം:

> നിങ്ങളുടെ ഹൃദയദൃഷ്ടി പ്രകാശിപ്പിച്ചിട്ടു, അവന്റെ വിളിയാലുള്ള ആശ ഇന്നതെന്നും വിശുദ്ധന്മാരിൽ അവന്റെ അവകാശത്തിന്റെ മഹിമാധനം ഇന്നതെന്നും *അവന്റെ ബലത്തിൻ വല്ലഭത്വത്തിന്റെ വ്യാപാരത്താൽ വിശ്വസിക്കുന്ന നമുക്കുവേണ്ടി വ്യാപരിക്കുന്ന അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം ഇന്നതെന്നും നിങ്ങൾ അറിയേണ്ടതിനും പ്രാർത്ഥിക്കുന്നു*. അങ്ങനെ അവൻ ക്രിസ്തുവിലും, വ്യാപരിച്ചു അവനെ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർപ്പിച്ച്, സ്വർഗ്ഗത്തിൽ തന്റെ വലത്തു ഭാഗത്തു എല്ലാ വാഴ്ച്ചക്കും അധികാരത്തിനും, ഈ ലോകത്തിൽ മാത്രമല്ല വരുവാനുള്ളതിലും വിളിക്കപ്പെടുന്ന സകല നാമത്തിനും, അത്യന്തം മീതെ ഇരുത്തുകയും ചെയ്തു (എഫെസ്യർ 1:18-21; എംഫസിസ്മൈൻ).

---

കുറിപ്പുകൾ

[1]ഡബ്ലിയു. എഫ്. ആൾബ്രൈറ്റ്, *ആർക്കിയോളജി ആന്റ് ദ റിലിജിയൻ ഓഫ് യിസ്രയേൽ* (ബാൾട്ടിമോർ: ജോൺസ് ഹോപ്കിൻസ്, 1956), 72. [2]കാൾ എഫ്. എച്ച്. ഹെൻറി, *ഗോഡ്, റെവലേഷൻ ആന്റ് അതോറിറ്റി,* വാല്യം 1, *ഗോഡ് ഹുസ്പീക്സ് ആന്റ് ഷോസ്* (വാക്കോ, ടെക്സാസ്: വേഡ് പബ്ളിഷിങ്ങ് കമ്പനി, 1976). “ഡീയിസം” എന്ന ഈ വാക്യത്തിലെ ഇൻഡെക്സ് നോക്കുക. “പാന്തീയിടസം,” “പോസസ് ഫിലൊസഫി - തിയോളജി,” അല്ലെങ്കിൽ ഏതെങ്കിലും നിലവാരമുള്ള വേദശാസ്ത്ര റെഫറൻസ് നോക്കുക.

© 2009 Truth for Today